# കേരളസർക്കാർ

## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,
ശാന്തി നഗർ, തിരുവനന്തപുരം- 695001

## പത്രക്കുറിപ്പ്

**ബി.ഡി.എസ് കോഴ്സിലേക്കുള്ള പ്രവേശനം-2021**
**പുതുതായി വന്ന ഒഴിവിലേക്കുള്ള പ്രവേശനം സംബന്ധിച്ച്**

ബി.ഡി.എസ് കോഴ്സിലേക്കുള്ള സ്പെഷ്യൽ വേക്കൻസി ഫില്ലിങ് അലോട്ട്മെന്റിന് ശേഷം സ്വാശ്രയ ദന്തൽ കോളേജുകളിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ലിസ്റ്റുകളും മാർഗ നിർദ്ദേശവും കോളേജുകൾക്ക് നൽകുകയും ചെയ്തിരുന്നു എന്നാൽ പ്രസ്തുത നടപടികൾക്ക് ശേഷം നൂറുൽ ഇസ്ലാം ദന്തൽ കോളേജിൽ അഡ്മിഷൻ നേടിയ ഒരു കുട്ടി വിടുതൽ വാങ്ങിയത് മൂലം പ്രസ്തുത കോളേജിൽ ഒരു ഒഴിവ് ഉണ്ടായിട്ടുണ്ട്. ഈ സീറ്റ് പ്രവേശന പരീക്ഷാ കമ്മീഷണർ സ്ട്രേ വേക്കൻസി അലോട്ട്മെന്റിനായി നൽകിയ മാർഗ നിർദ്ദേശങ്ങളനുസരിച്ച് കോളേജ് തലത്തിൽ നികത്തുന്നതാണ്.ആയതിനാൽ മേൽ പറഞ്ഞ ഒരു ഒഴിവിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് 15/05/2022, വൈകിട്ട് 3.00 മണിക്ക് മുൻപായി കോളേജുമായി ബന്ധപ്പെട്ട് പ്രവേശനം നേടാവുന്നതാണ്.

സ്ട്രേ വേക്കൻസി അലോട്ട്മെന്റ് സംബന്ധിച്ച വിശദവിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**

തിരുവനന്തപുരം
**14-05-2022**